ശിരോവസ്ത്രം അനുവദിക്കാത്തതിനെതിരെ വീണ്ടും ഹർജി

കൊച്ചി: ശിരോവസ്ത്രം ധരിച്ച് ഈമാസം 28 ന് നടക്കുന്ന എയിംസ് പ്രവേശന പരീക്ഷയെഴുതാൻ അനുവദിക്കില്ലെന്ന വ്യവസ്ഥയ്ക്കെതിരെ ഹൈക്കോടതിയിൽ വീണ്ടും ഹർജി. ശിരോവസ്ത്രം, തലപ്പാവ് എന്നിവ ധരിക്കരുതെന്ന നിബന്ധന റദ്ദാക്കണമെന്നാവശ്യപ്പെട്ട് സ്റ്റുഡന്റ്സ് ഇസ്ലാമിക് ഓർഗനൈസേഷനാണ് ഹർജി നൽകിയത്. ഹർജി പിന്നീട് പരിഗണിക്കും. സ്ത്രീകൾ ശിരോവസ്ത്രം ധരിക്കുന്നത് മതപരമായ ആചാരമാണെന്ന് ഹർജിയിൽ പറയുന്നു. മുഖമൊഴികെ ശരീരഭാഗങ്ങൾ മറയ്ക്കണമെന്ന മതപരമായ നിർദ്ദേശം ലംഘിക്കാൻ കഴിയില്ല. ശിരോവസ്ത്രം പാടില്ലെന്ന വ്യവസ്ഥ മതസ്വാതന്ത്ര്യത്തിന് വിരുദ്ധമാണ്. നേരത്തെ സമർപ്പിക്കപ്പെട്ട ഹർജികൾക്കൊപ്പം പരിഗണിക്കും.

വ്യാജ ബിസ്മാർക്ക്: ജുവലറി കുടുങ്ങി

കൊച്ചി: ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബിസ്) മാർക്ക് രേഖപ്പെടുത്തി സ്വർണാഭരണങ്ങൾ വിറ്റഴിച്ച തിരുവനന്തപുരം കേശവദാസപുരത്തെ പള്ളിയാമ്പലം ഗോൾഡ് ആൻഡ് ഡയമണ്ട്സിനെതിരെ ബിസ് എൻഫോഴ്സ്മെന്റ് കേസെടുത്തു. ജുവലറിയിൽ നടത്തിയ റെയ്ഡിൽ നിലവാരമില്ലാത്ത ആഭരണങ്ങൾ ബിസ് മാർക്ക് രേഖപ്പെടുത്തി വിൽക്കുന്നത് കണ്ടെത്തിയതായി ബിസ് കൊച്ചി കേന്ദ്രം മേധാവി കെ. കതിർവേൽ അറിയിച്ചു. ബിസ്മാർക്ക് സ്വർണം വിൽക്കാൻ ജുവലറിക്ക് ലൈസൻസില്ല. ബിസ്മാർക്ക് ദുരുപയോഗിച്ചതിനെടുത്ത കേസിൽ ഉടമയ്ക്ക് ഒരു വർഷം തടവും അരലക്ഷം രൂപ പിഴയും രണ്ടും ഒരുമിച്ചും ലഭിക്കാൻ വകുപ്പുണ്ട്.

ഫയൽ പൂഴ്ത്തിയവർക്ക് എതിരെ അന്വേഷണം

തിരുവനന്തപുരം: മണ്ണിന്റെ വില പുതുക്കി നിശ്ചയിക്കുന്നതിൽ കാലതാമസവും വീഴ്ചയും വരുത്തി സർക്കാരിന് ധനനഷ്ടവും വികസനപ്രവർത്തനങ്ങൾക്ക് കാലതാമസവും ഉണ്ടായതിനെ കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമെന്ന് മന്ത്രി ജി. സുധാകരൻ നിയമസഭയിൽ പറഞ്ഞു. മണ്ണിന്റെ വില പുതുക്കി നിശ്ചയിക്കേണ്ട ഫയൽ ഉന്നത ഉദ്യോഗസ്ഥർ മൂന്നു വർഷത്തോളം പൂഴ്ത്തി വച്ചു. കുട്ടനാട്-ചാവറ റോഡ് നിർമ്മാണത്തിന് മണ്ണ് ലഭിക്കുന്നില്ലെന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞു.

മണ്ണിന്റെ വില പുതുക്കി നിശ്ചയിക്കാത്തതിനാൽ നിർമ്മാണ മേഖലയിൽ കടുത്ത പ്രതിസന്ധിയുണ്ട്. പൊതുമരാമത്ത്, ഗതാഗത മന്ത്രിമാർ മൂന്നു തവണ യോഗം ചേർന്ന് ഫയൽ ധനവകുപ്പിന് നൽകി. അവിടെ ചിലർ ഫയൽ പൂഴ്ത്തിവച്ചു. ഇപ്പോൾ ചീഫ് എൻജിനിയറുടെ ഓഫീസിലാണ് ഫയൽ. ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

പൊതു കമ്പ്യൂട്ടറുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർബന്ധമാക്കും

തിരുവനന്തപുരം: പൊതുമുതൽ ഉപയോഗിച്ച് വാങ്ങിയ എല്ലാ കമ്പ്യൂട്ടറുകളിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർബന്ധമാക്കുമെന്ന് മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എ.കെ. ബാലൻ നിയമസഭയിൽ പറഞ്ഞു. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരിപ്പിക്കുകയാണ് സർക്കാർ നയം. കഴിഞ്ഞ ഇടതു സർക്കാർ സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഐ.ടി നയം നടപ്പാക്കിയതിനാലാണ് കേരളത്തിലെ സർക്കാർ ശൃംഖലയിൽ വാണാക്രൈ വൈറസ് ആക്രമണം കുറഞ്ഞത്. ഇവിടെ ആറ് പഞ്ചായത്തുകളെ ഇത് ബാധിച്ചെന്നും മന്ത്രി പറഞ്ഞു.

പി. ഉബൈദുള്ളയാണ് ഈ വിഷയത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. എസ്. ശർമ്മയും പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും ഇതിലുള്ള ആശങ്ക അറിയിച്ചു. വൈറസ് ആക്രമണം സംബന്ധിച്ച് ഐ.ടി ആക്ട് പ്രകാരം കേസെടുത്തെന്നും മന്ത്രി പറഞ്ഞു. അന്താരാഷ്ട്ര കുറ്റകൃതമായതിനാൽ കുറ്റവാളികളെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. സൈബർ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കും.

ബാർ കോഴക്കേസ്: മാണി നിയമോപദേശം തേടിയതിന് ചെലവായ തുക ഒടുക്കും

തിരുവനന്തപുരം: ബാർ കോഴക്കേസിൽ മുൻമന്ത്രി കെ.എം. മാണി സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനിൽ നിന്ന് നിയമോപദേശം തേടിയ വകയിൽ ചെലവായ 7.70 ലക്ഷം രൂപ സർക്കാർ ഖജനാവിൽ നിന്ന് തിരിച്ചടയ്ക്കാൻ മന്ത്രിസഭായോഗത്തിന്റെ തീരുമാനം.

മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ഖജനാവിൽ നിന്ന് ഈ തുക ഒടുക്കാനെടുത്ത തീരുമാനം ക്രമവിരുദ്ധമായിരുന്നുവെന്ന് എ.കെ. ബാലന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭാ ഉപസമിതി കണ്ടെത്തിയതാണെങ്കിലും, അതിനെ മറികടന്നാണ് മന്ത്രിസഭ തീരുമാനമെടുത്തതെന്നാണ് വിവരം.

സുപ്രീം കോടതി ജഡ്ജിയായി അടുത്തിടെ നിയമിതനായ ജസ്റ്റിസ് നാഗേശ്വര റാവുവിൽ നിന്ന് നിയമോപദേശം തേടിയതിനാണ് ഇത്രയും തുക ഫീസിനത്തിൽ വേണ്ടി വന്നത്. ഇത് സർക്കാർ ഖജനാവിൽ നിന്ന് ഒടുക്കാൻ അന്നത്തെ യു.ഡി.എഫ് സർക്കാർ കൈക്കൊണ്ട തീരുമാനം വിവാദമായിരുന്നു. പുതിയ സർക്കാർ ഈ തീരുമാനം മരവിപ്പിച്ചിരുന്നു.

നാഗേശ്വരറാവു ജഡ്ജിയായ സ്ഥിതിക്ക് ഇനിയും തുക കൈമാറുന്നതിരിക്കുന്നത് ശരിയല്ലെന്ന് സർക്കാർ വൃത്തങ്ങൾ വിശദീകരിക്കുന്നു. മുൻ സർക്കാരിന്റേത് ക്രമവിരുദ്ധ തീരുമാനമായിരുന്നെങ്കിലും സർക്കാർ ചെലവെന്ന നിലയിൽ മുൻ കാലത്ത് കണക്കാക്കിയ തുക ഇനിയും തിരിച്ചുകൊടുക്കാതിരിക്കുന്നത് അബദ്ധമാകുമെന്നാണ് വാദം.

മുൻസർക്കാരിന്റെ കാലത്ത് നടന്ന ക്രമവിരുദ്ധ തീരുമാനങ്ങൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിൽ ഇനിയും തീരുമാനം മന്ത്രിസഭ കൈക്കൊണ്ടിട്ടില്ല.

കേരളകോൺഗ്രസ്-എം കോട്ടയം ജില്ലാ പഞ്ചായത്തിൽ സി.പി.എമ്മുമായി കൂട്ടുകെട്ടുണ്ടാക്കിയ പശ്ചാത്തലത്തിൽ, മന്ത്രിസഭയുടെ തീരുമാനം രാഷ്ട്രീയ ചർച്ചകൾക്കും വഴിവച്ചിട്ടുണ്ട്.

കല്യാശ്ശേരിയിൽ ഇ.കെ. നായനാർ അനുസ്മരണസമ്മേളന വേദിയിൽ നായനാരുടെ പത്നി ശാരദ ടീച്ചറുമായി മുഖ്യമന്ത്രി പിണറായി വിജയൻ കുശലം പറയുന്നു

അഴിമതിക്കേസിൽ ശിക്ഷിച്ചവരെ തുണച്ചവർക്കെതിരെ കേസ്

തിരുവനന്തപുരം: അഴിമതിക്കേസിൽ ശിക്ഷിച്ച് ജയിലിലേക്കയച്ച ആരോഗ്യ വകുപ്പ് മുൻ ഡയറക്ടർമാരായ ഡോ.വി.കെ.രാജനേയും ഡോ.കെ.ശൈലജയേയും ആശുപത്രിയിലേക്ക് മാറ്റിയ സംഭവത്തിൽ ബന്ധപ്പെട്ടവർക്കെതിരെ വിജിലൻസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു.

തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രി സൂപ്രണ്ട് ഡോ.ഷർമദ്, ഡോ.രാജശേഖരൻ, ഫോർട്ട് ആശുപത്രിയിലെ ഡോ.പ്രിയങ്ക, വഞ്ചിയൂർ എസ്.ഐ അശോക് കുമാർ അടക്കം ആറ് പേർക്കെതിരെയാണ് കേസ്. ശിക്ഷിക്കപ്പെട്ട ഡോ.രാജനും ഡോ.ശൈലജയുമാണ് ഒന്നും രണ്ടും പ്രതികൾ.

പൊതുപ്രവർത്തകനായ നവാസ് പായിച്ചിറ നൽകിയ ഹർജിയിൽ വിജിലൻസ് ഡിവൈ.എസ്.പി അജിത് കുമാറാണ് എഫ്.ഐ.ആർ ഫയൽ ചെയ്തത്.

ശിക്ഷിക്കപ്പെട്ട കുറ്റവാളികൾ ജയിലിൽ പോകണമെന്നിരിക്കെ, ആരോഗ്യവകുപ്പ് മുൻ മേധാവികളെന്ന സ്വാധീനമുപയോഗിച്ച് തടവിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമം ന്യായീകരിക്കാനാവില്ലെന്ന് വ്യക്തമാക്കിയ കോടതി, മൂന്ന് ഡോക്ടർമാരെയും വിളിച്ചുവരുത്തി വിസ്തരിച്ചിരുന്നു.

വി.കെ. രാജന് രക്തസമ്മർദ്ദവും ഹൃദ്രോഗവുമുണ്ടെന്നും ശൈലജയ്ക്ക് ആസ്ത്മയും ക്രമാതീതമായ ഹൃദയസ്പന്ദനവുമുണ്ടെന്നും ഡോ.ഷർമദ് മൊഴി നൽകിയിരുന്നെങ്കിലും ഇതിനെതിരായിരുന്നു ശ്രീചിത്രയിലെ ഡോക്ടർമാരുടെ റിപ്പോർട്ട്.

രാജന് ഹൃദ്രോഗവും രക്തസമ്മർദ്ദവുമുള്ളതിനാൽ ആൻജിയോഗ്രാം ചെയ്യേണ്ടിവരുമെന്നും, എന്നാൽ അത്യാഹിത വിഭാഗത്തിൽ കിടത്തേണ്ട കാര്യമില്ലെന്നും ശൈലജയ്ക്ക് ആരോഗ്യ പ്രശ്നമില്ലെന്നും ശ്രീചിത്രയിലെ റിപ്പോർട്ടിലുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോടതി ഇരുവരെയും തടവിലാക്കാൻ ഉത്തരവായിരുന്നു.

പ്രതിരോധ വാക്സിൻ വാങ്ങിയതിൽ അഴിമതി നടത്തി ഖജനാവിന് ഒന്നരക്കോടിയോളം രൂപയുടെ നഷ്ടമുണ്ടാക്കിയെന്ന കേസിലാണ് ഇരുവർക്കും അഞ്ച് വർഷം തടവും 1.40 കോടി രൂപ പിഴയും വിധിച്ചത്.

വ്യാജ ലോട്ടറി: തമിഴ്നാട് സ്വദേശി അറസ്റ്റിൽ

കെന്നഡി

കൊച്ചി: സമ്മാനർഹമായ ലോട്ടറിടിക്കറ്റിന്റെ വ്യാജൻ നിർമ്മിച്ച് പണം തട്ടിയ തമിഴ്നാട് തഞ്ചാവൂർ മരക്കൈവാലസെ കെന്നഡിയെ (35) എറണാകുളം സെൻട്രൽ പൊലീസ് അറസ്റ്റ് ചെയ്തു. 1000, 2000, 3000, 5000 തുടങ്ങി സമ്മാനാർഹമായ ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് വിവിധ ലോട്ടറി ഏജൻസികളുടെ സീൽ അടിച്ച് മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, പത്തനംതിട്ട എന്നിവിടങ്ങളിലെ ലോട്ടറി ഏജൻസികളിലെത്തി പണം കൈക്കലാക്കുന്നതായിരുന്നു രീതി. എറണാകുളം വളഞ്ഞമ്പലത്തുള്ള സെന്റ് മേരീസ് ഏജൻസിയിൽ ആറ് വ്യാജ ടിക്കറ്റുകൾ നൽകി 12,000 രൂപ തട്ടിയെടുത്തതിനെ തുടർന്നുള്ള അന്വേഷണത്തിനിലാണ് കെന്നഡി എറണാകുളം സെൻട്രൽ പൊലീസിന്റെ പിടിയിലായത്.

ഭാര്യ വീടായ കോട്ടയം നാട്ടകം പുതുവൽച്ചിറ പത്രോസിന്റെ വീട്ടിലായിരുന്നു കെന്നഡിയുടെ താമസവും വ്യാജടിക്കറ്റ് നിർമാണവും. ഇതിന് കളർ ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങി. ചിങ്ങവനം ഗോമതി ജംഗ്ഷനിലെ കെന്നഡിയുടെ ആർ.എസ്.കെ എന്ന ലോട്ടറി ഏജൻസിയുടെ മറവിലായിരുന്നു തട്ടിപ്പ്. പ്രതിയെ റിമാൻഡ് ചെയ്തു. അസി. കമ്മിഷണർ കെ. ലാൽജി, സി.ഐ. അനന്തലാൽ, എസ്.ഐ. ജോസഫ് ഷാജൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.

കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്നത് 58,292 കേസുകൾ; തലസ്ഥാനത്ത് - 6111

തിരുവനന്തപുരം: സംസ്ഥാനത്തെ 28 കുടുംബകോടതികളിലായി 58,292 കേസുകൾ കെട്ടിക്കിടക്കുന്നതായും തിരുവനന്തപുരം കോടതിയിലാണ് കൂടുതലെന്നും (6111) മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അറിയിച്ചു. തൊടുപുഴയിലാണ് കുറവ് - 532. നോർത്ത് പറവൂർ, കുന്നംകുളം, ആലുവ, നെയ്യാറ്റിൻകര, എന്നിവിടങ്ങളിൽ കുടുംബകോടതി അനുവദിക്കാനുള്ള ശുപാർശ പരിഗണനയിലാണ്.

കുട്ടികളെ തട്ടിക്കൊണ്ടുപോയ 168 കേസുകളുണ്ട്. ഗുണ്ടാസംഘങ്ങൾക്കും സാമൂഹിക വിരുദ്ധർക്കുമെതിരായ നടപടികളുടെ ഭാഗമായി കഴിഞ്ഞമാസം 456 പേരെ അറസ്റ്റ് ചെയ്തു. ഗുണ്ട, റൗഡി പട്ടികയിലുള്ള ഒളിവിലായിരുന്ന എട്ടുപേരെ അറസ്റ്റ് ചെയ്തു. പത്ത് വർഷത്തിനിടെ 1877 വിജിലൻസ് കേസുകൾ രജിസ്റ്റർചെയ്തു. 24 കേസുകളിൽ ശിക്ഷിക്കപ്പെട്ടു. സർക്കാരുദ്യോഗസ്ഥർ പ്രതിയായ 730 കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനുണ്ട്. ഇതിൽ 13 വർഷംവരെ പഴക്കമുള്ളവയുമുണ്ട്. ആറ് വിജിലൻസ് കോടതികളിലായി 1396 കേസുകൾ വിചാരണ പൂർത്തിയാക്കാനുണ്ട്. സർക്കാരിന്റെ കടുത്ത നിലപാടും വിജിലൻസിന്റെ നടപടികളും മൂലം അഴിമതി കുറയ്ക്കാനായി. പൊലീസ് വകുപ്പിന്റെ നവീകരണത്തിന് 79.5 കോടി രൂപ ചെലവഴിച്ചു. എല്ലാ ജില്ലകളിലും പൊലീസിന് ചോദ്യം ചെയ്യൽ മുറി സജ്ജമാക്കുന്നുണ്ട്. എറണാകുളം റേഞ്ച് ഐജിയാണ് മുറികൾ രൂപകല്പന ചെയ്യുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

റബർ പ്രതിസന്ധി: സർവകക്ഷി യോഗം വിളിക്കുമെന്ന് മന്ത്രി

തിരുവനന്തപുരം: റബർ പ്രതിസന്ധി ചർച്ച ചെയ്യാൻ സർവകക്ഷി യോഗം വിളിക്കുമെന്ന് കൃഷിമന്ത്രി വി.എസ് സുനിൽകുമാർ അറിയിച്ചു. നിയമസഭയിൽ എം. നൗഷാദിന്റെ അനൗദ്യോഗിക പ്രമേയത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി. റബർ ഉല്പാദനത്തിൽ 23 ശതമാനം വർദ്ധനയുണ്ടായെന്നാണ് റബർ ബോർഡ് അവകാശപ്പെടുന്നത്. സംസ്ഥാനത്തെ ബാധിക്കുന്ന വിഷയങ്ങളിൽ കരാറിലേർപ്പെടുമ്പോൾ സംസ്ഥാനങ്ങളുമായി കൺസൾട്ട് ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

റബറിനെ വിലയിടിവിൽ നിന്നും രക്ഷിക്കാൻ 20,000 ഹെക്ടർ റബർതോട്ടങ്ങളിൽ ഇടവിള കൃഷിക്ക് പദ്ധതി തയ്യാറായിട്ടുണ്ട്. 20,000 ഏക്കർ ഭൂമിയിൽ ഇടവിളകൃഷി നടത്താനാണ് പദ്ധതി. ഇതിനായി 5.31 കോടിയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. റബർബോർഡിന്റെ ഓഫീസ് ഇവിടെനിന്നും മാറ്റിക്കൊണ്ടുപോകാനുള്ള ശ്രമത്തിനെതിരെ സംസ്ഥാന സർക്കാർ ശക്തമായി പ്രതികരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ട്രോളിംഗ് നിരോധനം: ജൂൺ 2 ന് ചർച്ച

തിരുവനന്തപുരം: ട്രോളിംഗ് നിരോധനം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജൂൺ 2 ന് ചർച്ച നടത്തും. അന്ന് വൈകുന്നേരം പരമ്പരാഗത മത്സ്യബന്ധനത്തിനെതിരായ കേന്ദ്ര സർക്കാരിന്റെ കരട് നയവും ചർച്ച ചെയ്യുമെന്ന് മന്ത്രി മേഴ്സിക്കുട്ടിഅമ്മ നിയമസഭയെ അറിയിച്ചു. നിയമ വിരുദ്ധ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾക്ക് കനത്ത പിഴ ഈടാക്കും. ബോട്ട് നിർമാണ യാർഡുകൾക്ക് ലൈസൻസ് ഏർപ്പെടുത്തും.

വന്യമൃഗങ്ങളെ കൊല്ലാൻ അനുമതിയില്ല

മനുഷ്യരെ ആക്രമിക്കുന്ന മൃഗങ്ങളെ കൊല്ലാൻ അനുമതിയില്ലെന്ന് മന്ത്രി കെ. രാജു അറിയിച്ചു. സംസ്ഥാനത്ത് 2300 കിലോമീറ്റർ ദൂരത്തിൽ വനാതിർത്തി നിശ്ചയിച്ചു ജണ്ട സ്ഥാപിക്കൽ മൂന്ന് കൊല്ലത്തിനകം പൂർത്തിയാക്കും. 14 വയസിന് താഴെയുള്ള കുട്ടികളെ ജോലി എടുപ്പിക്കുന്ന തൊഴിലുടമയ്ക്കെതിരെ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ടി.പി.രാമകൃഷ്ണൻ പറഞ്ഞു.

ടിക്കറ്റുനിരക്ക് നിശ്ചയിക്കുന്നത് തിയേറ്റർ ഉടമകൾ

തിരുവനന്തപുരം: സിനിമാ ടിക്കറ്റ് നിരക്ക് നിശ്ചയിക്കാനുള്ള അധികാരം തിയേറ്റർ ഉടമകൾക്കാണെന്ന് മന്ത്രി എ.കെ. ബാലൻ പറഞ്ഞു. സർക്കാരിനോ നഗരസഭകൾക്കോ ഇതിൽ അധികാരമില്ല. 1992 -ൽ തന്നെ സർക്കാർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ടെന്ന് മന്ത്രി നിയമസഭയെ അറിയിച്ചു.

വർദ്ധിപ്പിച്ച ടിക്കറ്റ് നിരക്ക് നിശ്ചിത തീയതിയിൽ പ്രാബല്യത്തിൽ വരുത്തുമെന്നും അതിനനുസരിച്ചുള്ള വിനോദനികുതി ഈടാക്കാനാവശ്യമായ നടപടികൾ നഗരസഭാതലത്തിൽ സ്വീകരിക്കണമെന്നും അപേക്ഷിക്കുകയാണ് തിയേറ്ററുടമകൾ ചെയ്യുന്നത്. വർദ്ധിച്ചുവരുന്ന ദൈനംദിന ചെലവുകൾക്കും തിയേറ്ററുകളുടെ ആധുനികവത്ക്കരണത്തിനുമായി വൻതുക ചെലവാക്കുന്നതിനാൽ ടിക്കറ്റ്നിരക്ക് വർദ്ധനയ്ക്ക് ഉടമകൾ സ്വമേധയാ നടപടികളെടുക്കുന്നതാണ് നിലവിലെ രീതിയെന്നും മന്ത്രി പറഞ്ഞു.

ബി.ജെ.പിയുടെ നീക്കം കോൺഗ്രസിലെ ചോർച്ചയിൽ കണ്ണുനട്ട് : മുഖ്യമന്ത്രി

കല്യാശേരി: കോൺഗ്രസിൽ നിന്ന ഒരു വിഭാഗത്തെ അടർത്തിയെടുത്ത് കേരളത്തിൽ വേരുറപ്പിക്കാനാണ് ബി.ജെ.പിയുടെ ശ്രമമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കല്യാശ്ശേരിയിൽ ഇ.കെ. നായനാർ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വലിയ പ്രതീക്ഷയോടെയാണ് ബി.ജെ.പിയുടെ പുതിയ നീക്കം. പക്ഷേ, ഈ നീക്കമൊന്നും ഇവിടെ വിലപ്പോകില്ല. കേരളത്തിന്റെ മനസ്സ് എന്നും ഇടതുപക്ഷത്തിനൊപ്പമാണെന്നും പിണറായി പറഞ്ഞു.

ദേശീയതലത്തിൽ പോലും കോൺഗ്രസ്സിൽ നിന്നു നേതാക്കൾ കൊഴിഞ്ഞുപോകുകയാണ്. വിടാനൊരുങ്ങി കൂടുതൽ പേരുണ്ട്. കോൺഗ്രസിനെ തകർത്ത് ബി.ജെ.പിയിലേക്ക് ആളെക്കൂട്ടാനാണ് അവർ നോക്കുന്നത്. കോൺഗ്രസിനും ബി.ജെ.പിയ്ക്കും ഇടതുവിരുദ്ധനിലപാടാണ്. ആ ഒരു ഐക്യം അവർ തമ്മിൽ കാണും. കേരളത്തിലും ത്രിപുരയിലുമാണ് ബി.ജെ.പിക്ക് ഇനിയും സ്വാധീനമുണ്ടാക്കാൻ കഴിയാത്തതെന്ന് അമിത് ഷാ തന്നെ ഏറ്റുപറഞ്ഞിട്ടുണ്ട്.

ഒ.വി. നാരായണൻ അദ്ധ്യക്ഷത വഹിച്ചു. ഇ.പി. ജയരാജൻ, എം.വി. ഗോവിന്ദൻ, പി. ജയരാജൻ, പി.കെ. ശ്രീമതി എം.പി, ടി.വി. രാജേഷ് എം.എൽ.എ, എം.വി. ജയരാജൻ എന്നിവർ പ്രസംഗിച്ചു. നായനാരുടെ പത്നി ശാരദ ടീച്ചർ ചടങ്ങിൽ സംബന്ധിച്ചു.

കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ രജതജൂബിലി സമ്മേളനത്തോടനുബന്ധിച്ച് നടന്ന സെമിനാർ നിശാഗന്ധിയിൽ പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ.കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്യുന്നു

ജി.എസ്.ടി സർക്കാരുകളുടെ വരവ് കുറയ്ക്കും: മന്ത്രി ഐസക്

തിരുവനന്തപുരം: ജി.എസ്.ടി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പരോക്ഷ നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവ് സൃഷ്ടിക്കുമെന്ന് ധനമന്ത്രി തോമസ് ഐസക് പറഞ്ഞു. അത്രയും താഴ്ന്നിയാണ് നികുതി നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. എത്ര ചോദിച്ചിട്ടും കൃത്യമായ കണക്കുകൾ വെളിപ്പെടുത്താൻ കേന്ദ്രം തയ്യാറായില്ല.

ഇപ്പോൾ വാറ്റ് നികുതിയിൽ 63 ചരക്കുകൾക്ക് നികുതിയില്ല. 143 ചരക്കുകൾക്ക് 5 ശതമാനമാണ് നികുതി. ബാക്കി ആയിരത്തോളം ചരക്കുകൾക്ക് 14.5 ശതമാനവും. പക്ഷേ ജി.എസ്.ടി വരുമ്പോൾ 28 ശതമാനം നികുതിയിൽ 229 ചരക്കുകളെയുള്ളൂ. 28 ശതമാനത്തിൽ പകുതിയേ സംസ്ഥാനത്തിന് ലഭിക്കൂ. ബാക്കി കേന്ദ്രത്തിനാണ്. എന്ന് വച്ചാൽ 14.5 ശതമാനത്തിനടുത്ത് നികുതി ലഭിക്കുന്ന ചരക്കുകളുടെ എണ്ണം അഞ്ചിലൊന്നായി ചുരുങ്ങി.

ജനിതക മാറ്റം വരുത്തിയ വിത്തിനെതിരെ നിയമസഭ

തിരുവനന്തപുരം: ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കി.

കൃഷി മന്ത്രി വി.എസ്. സുനിൽ കുമാർ അവതരിപ്പിച്ച പ്രമേയത്തിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല വിശദമായ ചർച്ച ആവശ്യപ്പെട്ടു. പിന്നീട് ചർച്ചയാകാമെന്ന് സർക്കാർ അറിയിച്ചു.

രാജ്യവ്യാപകമായി എതിർപ്പുണ്ടായിട്ടും ജനിതക മാറ്റം വരുത്തിയ കടുക് വിത്തിന്റെ വാണിജ്യാവശ്യത്തിനുള്ള ഉത്പാദനത്തിനും കൃഷിക്കും അനുമതി നൽകാനുള്ള തീരുമാനം നടപ്പാക്കരുതെന്ന് സഭ ആവശ്യപ്പെട്ടു. ജനിതക മാറ്റം വരുത്തിയ വിളകൾ അതത് സംസ്ഥാനങ്ങളുടെ അംഗീകാരത്തോടെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യപ്പെടാൻ ഇതിടയാക്കും. ജനിതക മാറ്റം വരുത്തിയ ഉത്പന്നങ്ങൾ ആരോഗ്യപരമായി വരുത്താവുന്ന പ്രശ്നങ്ങളെപ്പറ്റി നടത്തിയ പഠനങ്ങൾ സംശയാസ്പദമായതിനാലാണ്, ഇതുവരെ ഭക്ഷണത്തിന് ഉപയോഗിക്കാവുന്ന വിളകളിൽ ഈ വിദ്യ വാണിജ്യപരമായി പ്രയോഗിക്കാൻ അനുമതി നൽകാതിരുന്നത്. ഇപ്പോൾ ജി.എം കടുകിന് അംഗീകാരം നൽകുക വഴി കേന്ദ്ര സർക്കാർ ജനങ്ങളുടെ ആരോഗ്യത്തിലും കൃഷിയുടെ തനിമയിലും കരിനിഴൽ വീഴ്ത്തുകയാണെന്ന് പ്രമേയം അവതരിപ്പിച്ച മന്ത്രി സുനിൽകുമാർ ചൂണ്ടിക്കാട്ടി.

വിവരാവകാശ കമ്മിഷൻ: നിയമനം വേഗത്തിലാക്കും

തിരുവനന്തപുരം: സംസ്ഥാന വിവരാവകാശ കമ്മിഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലെ റിട്ട് അപ്പീൽ തീർപ്പാക്കാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമെന്ന് മന്ത്രി എ.കെ. ബാലൻ നിയമസഭയെ അറിയിച്ചു.

കുടുംബശ്രീയിലെ സി.ഡി.എസ് അക്കൗണ്ടന്റുമാർ ഉൾപ്പെടെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 15 വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണെന്ന് മന്ത്രി സി. രവീന്ദ്രനാഥ് അറിയിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജ് മികവുറ്റതാക്കും

- അടിയന്തര പ്രമേയം അനുവദിച്ചില്ലെങ്കിലും ആവശ്യം അംഗീകരിച്ചു
- പ്രതിപക്ഷം ഇറങ്ങിപ്പോക്ക് ഒഴിവാക്കി

തിരുവനന്തപുരം: മഞ്ചേരി മെഡിക്കൽ കോളേജിനെ മികച്ചതാക്കുമെന്ന് നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസിന് മന്ത്രി കെ.കെ.ശൈലജ മറുപടി നൽകി.

സമരം ചെയ്യുന്ന വിദ്യാർത്ഥികളുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മുഖ്യമന്ത്രിയും അറിയിച്ചു. ഇതു സംബന്ധിച്ച മുഖ്യമന്ത്രിയുടെ കുറിപ്പ് സഭയിൽ മന്ത്രി വായിച്ചു.

അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചെങ്കിലും മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും ഉറപ്പ് മാനിച്ച് വാക്കൗട്ട് ഒഴിവാക്കുന്നതായി പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. സർക്കാർ നൽകിയ ഉറപ്പിനെ തുടർന്ന് സമരം പിൻവലിക്കാൻ വിദ്യാർത്ഥികളും തയ്യാറായി.

സമരംചെയ്യുന്ന വിദ്യാർത്ഥികളെ വിളിച്ച് താൻ സംസാരിച്ചതായും ഫാക്കൽറ്റി നിയമനത്തിൽ തീരുമാനമെടുത്തതായും മന്ത്രി അറിയിച്ചു.

മഞ്ചേരിയിൽ മികച്ച ആശുപത്രിയില്ലാത്തതിനാൽ മതിയായ ചികിത്സ ലഭിക്കാതെ തന്റെ അമ്മ മരിച്ചതടക്കമുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടി വൈകാരികമായാണ് എം.ഉമ്മർ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ചത്. മലപ്പുറത്തിന്റെ പിന്നാക്കാവസ്ഥമുതൽ നാട്ടുകാർ പണം പിരിച്ച് ആശുപത്രി കെട്ടിടം നിർമ്മിച്ചതു വരെയുള്ള സംഭവങ്ങളും വിവരിച്ച അദ്ദേഹം, തന്റെ ജീവനേക്കാൾ വലുതാണ് ഈ മെഡിക്കൽ കോളേജെന്നും പറഞ്ഞു.

സർജിക്കൽ വിഭാഗത്തിലേക്ക് നാലു അദ്ധ്യാപകരെ ഡെപ്യൂട്ടേഷനിൽ അനുവദിക്കുമെന്ന് മന്ത്രി പറഞ്ഞു. മെഡിക്കൽ വിഭാഗത്തിനും ഒരു അദ്ധ്യാപകനെ നൽകും. ഹോസ്റ്റലും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കും. ഈ സർക്കാർ 261 തസ്തികകൾ സൃഷ്ടിച്ചു. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി വഴി ഉടൻ നിയമനം നടത്തും.

യാതൊരു സൗകര്യവും ഒരുക്കാതെയാണ് കഴിഞ്ഞ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിച്ചതെന്നും, ഈ സർക്കാരാണ് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചതെന്നുമുള്ള മന്ത്രിയുടെ പ്രസ്താവനയ്ക്കെതിരെ മുൻ ആരോഗ്യ മന്ത്രി വി.എസ്.ശിവകുമാർ രംഗത്ത് വന്നു. ആദ്യ വർഷങ്ങളിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിരുന്നെന്ന് അദ്ദേഹം പറഞ്ഞു.

പട്ടികവിഭാഗം ഫണ്ട് വിനിയോഗത്തിന് നിയമം പരിഗണനയിൽ: മന്ത്രി ബാലൻ

തിരുവനന്തപുരം: പട്ടിക വിഭാഗക്ഷേമത്തിനുള്ള തുകയുടെ വിനിയോഗം ഉറപ്പാക്കാൻ നിയമനിർമ്മാണം പരിഗണനയിലാണെന്ന് മന്ത്രി എ.കെ.ബാലൻ നിയമസഭയിൽ അറിയിച്ചു. ഇതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

വ്യാജ സർട്ടിഫിക്കറ്റിലൂടെ പട്ടികജാതി - വർഗങ്ങളുടെ തൊഴിൽ തട്ടിയെടുക്കുന്നുണ്ടോ എന്ന് പരിശോധിക്കും. ഇപ്രകാരം തൊഴിൽ നേടിയവർ കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കും. ശിക്ഷാ നടപടിയുമെടുക്കും.

നിയമനത്തിൽ പട്ടികവിഭാഗത്തിന്റെ കുറവുണ്ടെങ്കിൽ പരിഹരിക്കും. ഏതെങ്കിലും വകുപ്പുകളിൽ അവരുടെ കുറവുണ്ടെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പരിശോധിക്കും.

പട്ടികവിഭാഗഫണ്ട് വിനിയോഗത്തിൽ തദ്ദേശസ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നുണ്ട്. ഇക്കാര്യം തദ്ദേശഭരണമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തും. തദ്ദേശ സ്ഥാപനങ്ങളിലൂടെയുള്ള ഫണ്ട് വിനിയോഗം കാര്യക്ഷമമല്ലെങ്കിൽ ഡിപ്പാർട്ടുമെന്റ് വഴി നടത്തുതല്ലേ ഭേദമെന്ന് മന്ത്രി ചോദിച്ചു.

അഭ്യസ്ത വിദ്യരായ ആദിവാസികൾക്ക് പരമാവധി ജോലി നൽകും. എംഡി തുടങ്ങിയ ഉയർന്ന തസ്തികകളിൽ പട്ടികവിഭാഗസംവരണം പാലിക്കാനാവില്ലെന്നും മന്ത്രി പറഞ്ഞു.

- പട്ടിക ജാതി വകുപ്പിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിക്കാനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.
- ഏകാദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കാനുള്ള ശുപാർശ പരിഗണനയിലാണ്.
- ഈ അദ്ധ്യയന വർഷം മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി സംസ്ഥാന തല കലാ - കായിക മേള സംഘടിപ്പിക്കും.

മന്ത്രി ശൈലജയുടെ മനസും ഉമ്മറിന്റെ വേദനയും



നിയമസഭയിൽ

സി.പി. ശ്രീഹർഷൻ

ആകാശത്ത് ചെന്ന് അമ്പിളിമാമനെ പിടിച്ചുകെട്ടി വരണമെന്ന് അംഗങ്ങൾ അഭ്യർത്ഥിച്ചാൽ, വേണമെങ്കിൽ അതുമാവാം എന്ന് പറയാനുള്ള മാനസികാവസ്ഥയിലായിരുന്നു മന്ത്രി കെ.കെ. ശൈലജ. നിയമസഭാ ചട്ടം അനുവദിക്കാത്തത് കൊണ്ട് മാത്രം തത്കാലം നിവൃത്തിയില്ല എന്നേ കാര്യം സാധിച്ചില്ലെങ്കിൽ പോലും മന്ത്രി പറയൂ.

സ്വകാര്യ ആശുപത്രികളെയും ലാബുകളെയും മറ്റും നിയന്ത്രിക്കാനുള്ള സി. മമ്മൂട്ടിയുടെ പ്രമേയം അത്തരമൊരു മാനസികാവസ്ഥയിലാണ് മന്ത്രി മനസില്ലാമനസോടെ തള്ളിയത്. പ്രമേയത്തിന്റെ സദുദ്ദേശ്യവും ആശയവും അംഗീകരിക്കുന്നുവെന്ന് മന്ത്രി പറഞ്ഞത് കേട്ട് തെറ്റിദ്ധരിച്ചതാണോ എന്തോ, രണ്ട് തവണ എഴുന്നേറ്റ് അതൊന്ന് അംഗീകരിച്ചുതരാൻ മമ്മൂട്ടി കേണുനോക്കി. മൂന്നാമതൊരിക്കൽ കൂടി മമ്മൂട്ടി എഴുന്നേറ്റെങ്കിൽ തീർച്ചയായും മന്ത്രി അത് അംഗീകരിച്ചേനെ എന്ന് തോന്നിപ്പോയി.

തിരുവനന്തപുരം പട്ടണത്തിന് നടുവിലെ ജനറൽ ആശുപത്രിയിൽ ഇത്രയും പ്രശ്നം പ്രതീക്ഷിച്ചതേയില്ലെന്നാണ് ശൈലജ പറയുന്നത്. കുപ്പികൾ മദ്യത്തിന്റേത് തന്നെയോയെന്ന് ആരോഗ്യമന്ത്രി എങ്ങനെ സ്ഥിരീകരിച്ചുവെന്ന് മന്ത്രി ബാലൻ സംശയിക്കാതിരുന്നില്ല.

മരുന്ന് കുപ്പികളായിരിക്കുമോയെന്ന് ഗണേശ്കുമാറും ചോദിച്ചു. ഒറ്റ നോട്ടത്തിൽ കണ്ടിട്ട് മരുന്ന് കുപ്പികളായി തോന്നിയില്ലെന്ന് ശൈലജ പറഞ്ഞു. ആശുപത്രി അധികൃതർ കാര്യങ്ങളൊന്നും ജനപ്രതിനിധികളെ വർഷങ്ങളായി അറിയിക്കുന്നില്ലെന്ന് കെ. മുരളീധരൻ പരിഭവിച്ചു.

മഞ്ചേരി മെഡിക്കൽകോളേജിൽ നിന്ന് സ്റ്റെതസ്കോപ്പുമണിഞ്ഞ് പുറത്തിറങ്ങുന്ന ഡോക്ടർമാരെ കൺകുളിർക്കെ കാണാൻ എം. ഉമ്മർ കാത്തിരിക്കുന്നു. ഒരു സർക്കാരും സഹായിക്കാഞ്ഞതിനാൽ പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ നിന്ന് പിരിവെടുത്താണ് പോലും അവിടെ മനോഹരമായ കെട്ടിടമെങ്കിലും കോളേജിനായി ഉണ്ടാക്കിയത്. ഉമ്മറിന്റെ വേദനയിൽ മന്ത്രി ശൈലജ പങ്കുചേർന്നു. മഞ്ചേരിയെ നല്ലൊരു മെഡിക്കൽ കോളേജാക്കുമെന്ന് മാത്രമല്ല, ഒരു നിമിഷം പോലും മഞ്ചേരിയെപ്പറ്റി ചിന്തിക്കാതിരുന്നിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

മഞ്ചേരി മെഡിക്കൽകോളേജ് ശിശുവായതിനാൽ ശിശുവിനോട് കാട്ടേണ്ട പരിഗണന കാട്ടുമെന്ന് കൂടി ഉറപ്പ് നൽകിയതോടെ ഉമ്മറിന് പെരുത്ത് സന്തോഷവും സമാധാനവുമായി.

സ്വന്തം ഹരിപ്പാട്ട് മെഡിക്കൽ കോളേജ് തുടങ്ങാൻ ശ്രമിച്ചിട്ട് പഴി കേട്ട വേദനയാണ് പ്രതിപക്ഷ നേതാവിന്. ഭാവിയിൽ യു.ഡി.എഫ് സർക്കാർ വരുമ്പോൾ തീർച്ചയായും അത് തുടങ്ങുമെന്നാണ് ശപഥം.

വാണക്രൈ വൈറസ് ആക്രമണത്തിനെതിരായ സഭയുടെ പ്രതിഷേധം ഒടുവിൽ ഇന്നലെ ഇരമ്പി. ഈ വൈറസ് കമ്പ്യൂട്ടറിലുള്ള വിശ്വാസവും ജനത്തിന് നഷ്ടപ്പെടുത്തിയെന്നാണ് പി. ഉബൈദുള്ള സങ്കടപ്പെട്ടത്. വൈറസ് ആക്രമണത്തിനെതിരെ സമൂഹത്തെ ജാഗ്രതപ്പെടുത്താൻ ചട്ടം 300 പ്രകാരം പ്രസ്താവന ആവശ്യപ്പെട്ടത് എസ്. ശർമ്മയാണ്.

വൈറസ് ആക്രമണത്തെ ചെറുക്കാൻ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കാമെന്നാണ് മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി ബാലന്റെ ഉറപ്പ്. വാണക്രൈയ്ക്കെതിരെ പ്രമേയം പാസാക്കുന്ന സഭയായി ഇനി കേരള നിയമസഭ അറിയപ്പെടുമെന്ന് പ്രതീക്ഷിക്കാം.

മാണിസാറിനെ റബറിന്റെ പിതാവായി പ്രഖ്യാപിക്കാനുള്ള ചർച്ചയായി എം. നൗഷാദിന്റെ റബർ ഇറക്കുമതി നിയന്ത്രണ പ്രമേയ ചർച്ച മാറിയതിന്റെ ദുരിതമേറ്റുവാങ്ങിയത് ചെയറിലിരുന്ന ഡെപ്യൂട്ടി സ്പീക്കർ വി. ശശിയാണ്.

ഗാന്ധിജിയെ രാഷ്ട്രപിതാവെന്ന് വിളിച്ചത് പോലെ മാണിസാറിനെ റബർപിതാവെന്ന് വിളിക്കാമോയെന്ന് എ.എൻ. ഷംസീർ ചോദിച്ചു. മാണിസാർ അങ്ങോട്ടൊഴുകി വരുന്നത് കാണുന്നുണ്ടോയെന്ന് പി.ടി. തോമസിന്റെ കുത്തുവാക്ക്.